മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 10

# വാർത്താക്കുറിപ്പ്

---

## വ്യവസായ സംരംഭകത്വ പരിപാടി;
## സർവകലാശാലയ്ക്ക് മന്ത്രിയുടെ അഭിനന്ദനം

ഗവേഷണ കണ്ടെത്തലുകളെ സാമൂഹിക നന്മയ്ക്കു ഉതകുന്ന സംരംഭങ്ങളാക്കി മാറ്റുന്ന മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് വ്യവസായ മന്ത്രി പി. രാജീവിൻറെ അഭിനന്ദനം. സർവകലാശാലയിൽ നടത്തിയ സന്ദർശനത്തോടനുബന്ധിച്ച് മന്ത്രി ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻററിനു (ബി.ഐ.ഐ.സി) കീഴിലുള്ള ഗവേഷകരും സംരംഭകരുമായി അദ്ദേഹം സംവദിച്ചു.

സ്വന്തം ഗവേഷണ ആശയങ്ങളെ ബി.ഐ.ഐ.സി മുഖേന സംരംഭങ്ങളാക്കി മാറ്റിയ അമൃത നായർ, എസ്. ശ്രീലക്ഷ്മി, എബിൻ ജോൺ വർഗീസ്, ഷാജി ജേക്കബ് എന്നിവരെയും നിലവിലെ ഗവേഷകരായ എസ്. ശ്രീജിത്ത്, റിയ അലക്സ്, മേരി തെരേസ, ബിക്കി ജെറിൻ ജോസഫ്, മഞ്ജുഷ പ്രേംനാഥ് എന്നിവരെയും മന്ത്രി അനുമോദിച്ചു.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ ലക്ഷ്യമിട്ട് കേരള സ്റ്റാർട്ട് അപ് മിഷൻറെ സാമ്പത്തിക സഹായത്തോടെ ബി.ഐ.ഐ.സി നടത്തുന്ന റിസർച്ച് ഇൻകുബേഷൻ പരിപാടിയാണ് ഗവേഷകർ, അധ്യാപകർ, ശാസ്ത്രജ്ഞർ, ബിരുദാനന്തര ബിരുദ വിദ്യാർഥികൾ തുടങ്ങിയവരെ സംരംഭകത്വത്തിലേക്ക് നയിക്കുന്നത്.

മറ്റു സർവകലാശാലകളിൽ നിന്ന് ഉൾപ്പെടെ അപേക്ഷ നൽകിയ 153 പേരിൽ നിന്നും വിവിധ ഘട്ടങ്ങളിലായി നടത്തിയ സ്ക്രീനിംഗിലൂടെയാണ് 19 പേരെ തിരഞ്ഞെടുത്തത്. ഇതിനു പുറമെ കേരള സ്റ്റാർട്ട് അപ്പ് മിഷൻ സംഘടിപ്പിച്ച നാഷണൽ റിസർച്ച് ഇന്നവേഷൻ ചലഞ്ച് 2022ൽ തിരഞ്ഞെടുക്കപ്പെട്ട എട്ടു ഗവേഷകരുടെ തുടർ പ്രവർത്തനങ്ങളും ബി.ഐ.ഐ.സി കേന്ദ്രീകരിച്ചാണ് നടക്കുന്നത്. റിസർച്ച് ഇൻക്യൂബേഷൻ പരിപാടിക്കായി അനുവദിച്ച ഒരു കോടി രൂപയിൽ നിന്നാണ് ഇവർക്കും ഗ്രാൻറ് നൽകുക.

ചടങ്ങിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, പ്രൊ-വൈസ് ചാൻസലർ സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, എസ്. ഷാജില ബിവി, ബാബു മൈക്കിൾ, ഡോ. കെ.എം. സുധാകരൻ, ഫിനാൻസ് ഓഫീസർ ബിജു മാത്യു, ബി.ഐ.ഐ.സി

ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഇൻക്യൂബേഷൻ മാനേജർ ഡോ. സി. ചന്ദന തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ..**

മഹാത്മാ ഗാന്ധി സർവകലാശാലയിലെത്തിയ വ്യവസായ മന്ത്രി പി. രാജീവ് വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗങ്ങൾ, യുവ സംരംഭകർ, ഗവേഷകർ എന്നിവർക്കൊപ്പം.

(പി.ആർ.ഒ./39/1832/2022)

## റബർ മേഖലയിലെ പ്രതിസന്ധി; ശിൽപ്പശാല 13ന്

റബർ മേഖലയെ പ്രതിസന്ധിയെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ ജനുവരി 13ന് ശിൽപ്പശാല നടത്തും.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻറെയും കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക് കോളേജിലെ എക്കണോമിക്സ് വിഭാഗത്തിൻറെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

റബർ കർഷകരുടെ അതിജീവനവും പ്രശ്നങ്ങളും, വിപണിയിലെ അനിശ്ചിതത്വം, റബർ ബോർഡ് പോലെയുള്ള സ്ഥാപനങ്ങളുടെ ഭാവി തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും.

രാവിലെ 10ന് കോൺവെർജൻസ് അക്കാദമിയ കോംപ്ലക്സിൽ നടക്കുന്ന ശിൽപ്പശാലയിൽ സംസ്ഥാന ആസൂത്രണ ബോർഡ് മുൻ അംഗവും സെൻറർ ഫോർ ഡെവലപ്മെൻറ് സ്റ്റഡീസ് പ്രഫസറുമായ ഡോ. കെ. എൻ. ഹരിലാൽ മുഖ്യ പ്രഭാഷണം നടത്തും.

ഗുലാത്തി ഇൻസ്റ്റിറ്റിയുട്ട് ഡയറക്ടർ പ്രൊഫ. കെ. ജെ. ജോസഫ്, റബർ ബോർഡ് അംഗം ടി. പി. ജോർജ്ജുകുട്ടി, നാഷണൽ കൺസോർഷ്യം ഓഫ് റീജിയണൽ ഫെഡറേഷൻ ഓഫ് റബർ പ്രൊഡ്യൂസർ സൊസൈറ്റിസ് പേട്രൺ സുരേഷ് കോശി, കൺസോർഷ്യം ജനറൽ സെക്രട്ടറി ബാബു ജോസഫ്, മാധ്യമ പ്രവർത്തകൻ കെ. ആർ. പ്രഹ്ളാദൻ, കെ. എൻ. രാജ് സ്കൂൾ ഓഫ് എക്കണോമിക്സ് ജോയിൻറ് ഡയറക്ടർ പ്രൊഫ. വി. മാത്യു കുര്യൻ, റബർ കർഷകർ, ഗവേഷകർ തുടങ്ങിയവർ പങ്കെടുക്കും.

(പി.ആർ.ഒ./39/1833/2022)

## ഹാർഡ്‌വെയർ എൻജിനീയർ, സോഫ്റ്റ് വെയർ ഡവലപ്പർ; കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിൽ ഹാർഡ്‌വെയർ എൻജിനീയർ, സോഫ്റ്റ് വെയർ ഡവലപ്പർ താത്കാലിക തസ്തികകളിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in). ഫോൺ: 0481-2733303.

(പി.ആർ.ഒ./39/1834/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ജനുവരി 27 ന് തുടങ്ങുന്ന ഒന്നാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി (2021 അഡ്മിഷൻ റഗുലർ, 2016,2017,2018,2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി, 2016 വരെയുള്ള അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 16 വരെ അപേക്ഷ നൽകാം.

പിഴയോടെ ജനുവരി 17 നും സൂപ്പർ ഫൈനോടെ ജനുവരി 18 നും അപേക്ഷ സ്വീകരിക്കും. മെഴ്സി ചാൻസിനുള്ള വിദ്യാർഥികൾ പരീക്ഷാ ഫീസിനും സി.വി. ക്യാമ്പ് ഫീസിനുമൊപ്പം 5515 രൂപ സ്പെഷ്യൽ ഫീസ് അടയ്ക്കണം.

(പി.ആർ.ഒ./39/1835/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി വോക് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെൻറെഷൻ ആൻറ് ഓട്ടോമേഷൻ(ന്യൂ സ്കീം 2020 അഡ്മിഷൻ റെഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019, 2018 അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ(നവംബർ 2022) പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 12 മുതൽ നടത്തും. വിശദമായ ഷെഡ്യൂൾ സർവകലാശാലാ വെബ്സൈറ്റിൽ.

............................................

നാലാം സെമസ്റ്റർ ബി.വോക് ഡിഗ്രി പരീക്ഷ അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ(2020 അഡ്മിഷൻ റെഗുലർ പുതിയ സ്കീം ഡിസംബർ 2023) പരീക്ഷയുടെ പ്രായോഗിക പരീക്ഷ(ഇന്റേൺഷിപ്പ്) അതത് കേന്ദ്രങ്ങളിൽ ജനുവരി 12ന് നടത്തും. വിശദമായ ടൈം ടേബിൾ വെബ് സൈറ്റിൽ.

...................................

മൂന്നാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെൻറ് (2021 അഡ്മിഷൻ റഗുലർ - ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 23 മുതൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ./39/1836/2022)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി ഓപ്പറേഷൻസ് റിസർച്ച് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 24 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1837/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**